**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4347** **06-03-2023 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . പി . ഉബൈദുള്ള** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് ഒരു ലക്ഷം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കണമെന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | ഉണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസത്തെ കാലയളവിൽ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 6274 കോടി രൂപയുടെ നിക്ഷേപവും 2,20,285 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br>സംരംഭക വർഷത്തിന്റെ ഭാഗമായി 2023 മാർച്ച് 3 വരെയുള്ള കണക്ക് പ്രകാരം കേരളത്തിൽ ഇതുവരെ 134,729 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ ആരംഭിച്ച സംരംഭങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും (www.yearofenterprises.kerala.gov.in) എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. സംരംഭക വർഷത്തോട് അനുബന്ധിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാണ്. |
| (സി) | മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്ന സംരംഭങ്ങളെ പുതിയ സംരംഭങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര സംരംഭങ്ങളെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 മാർച്ച് മുപ്പത്തിയൊന്ന് വരെ ആരംഭിക്കുന്ന സംരംഭങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. മുൻപ് ലൈസൻസ് കൂടാതെ പ്രവർത്തിച്ചിരുന്ന ചുരുക്കം ചില സംരംഭങ്ങൾ പുതിയ |

| | | | |
|---|---|---|---|
| | | | ലൈസൻസ് കരസ്ഥമാക്കി തുടർന്ന് പ്രവർത്തിക്കുന്നത് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നു. എന്നാൽ റീരജിസ്റ്റർ ചെയ്ത സംരംഭങ്ങൾ ഉൾപ്പെടുന്നില്ല. എന്തെങ്കിലും കാരണവശാൽ ഇത്തരം സംരംഭങ്ങൾ ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്യുന്നതിനായുള്ള നടപടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തിരം സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ